**തദ്ദേശസ്വയംഭരണ വകുപ്പ്**

ഔപചാരിക അന്വേഷണ വിചാരണ റിപ്പോർട്ട്

**1960-ലെ കേരള സിവിൽ സർവ്വീസസ് (തരം തിരിക്കലും നിയന്ത്രണങ്ങളും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരമുള്ള ഔപചാരിക അന്വേഷണം.**

ജില്ല ജോയിന്റ് ഡയറക്ടർ ഓഫീസ്, കോട്ടയം.

എ5/99/2023 തീയതി 14-12-2023

**1.കുറ്റച്ചുരുക്കം**

കോട്ടയം ജില്ലയിലെ മാടപ്പള്ളി ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ലർക്ക് ആയിരുന്ന ശ്രീ. സുരേഷ് നാരായണൻ ടി തസ്തികയിൽ ജോലി ചെയ്തുവരവേ 17.03.2007-ലെ ജി.ഒ.(ആർ.റ്റി) നമ്പർ/2007തസ്വഭവ പ്രകാരം 19.03.2007 മുതൽ ശൂന്യവേതനാവധിയിൽ പ്രവേശിക്കുകയും തുടർന്ന് ടിയാന്റെ അപേക്ഷ പ്രകാരം 19.03.2012-മുതൽ അഞ്ച് വർഷത്തേക്ക് 26.03.2012-ലെ-ലെ ജി.ഒ.(ആർ.റ്റി) നമ്പർ/12തസ്വഭവ പ്രകാരം ശൂന്യവേതനാവധി അനുവദിക്കുകയും ചെയതിരുന്നു. തുടർന്ന് ടിയാന്റെ 03.01.2017-ലെ അപേക്ഷ പ്രാകാരം ബഹു.പഞ്ചായത്ത് ഡയറക്ടറുടെ 23.02.2017-ലെ ഇ5-43908/2016 നമ്പർഉത്തരവ് പ്രകാരം 19.03.2017 മുതൽ അഞ്ചു വർഷത്തേക്ക് വീണ്ടും ശൂന്യവേതനാവധി ദീർഘിപ്പിച്ചിരുന്നു. ടി കാലയളവ് അവസാനിച്ച 18.03.2022-ന ശേഷം നിയമാനുസൃത അപേക്ഷ സമർപ്പിച്ച് അവധി ദീർഘിപ്പിച്ച് ഉത്തരവ് ലഭ്യമാക്കാതെ 19.03.2022 മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകുന്നില്ല എന്ന കുറ്റം മുൻ നിർത്തി സുരേഷ് നാരായണനെതിരേ ബഹു.പഞ്ചായത്ത് ഡറക്ടർ 07.11.2022-ലെ PAN/11574/2022-D5(DP) നമ്പർ കുറ്റാരോപണ മെമ്മോ നൽകി അച്ചടക്ക നടപടി ആരംഭിച്ചിരുന്നു.

മേൽ സാഹചര്യത്തിൽ 1960-ലെ കേരള സിവിൽ സർവ്വീസസ് (തരം തിരിക്കലും നിയന്ത്രണങ്ങളും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരമുള്ള ഔപചാരിക അന്വേഷണം നടത്തുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് കോട്ടയം ജില്ലാ ജോയിന്റ് ഡയറക്ടറായ എന്നെ, ഈ കേസിന്റെ അച്ചടക്കാധികാരി കൂടിയായ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ശ്രീ. രാജമാണിക്കം ഐ.എ.എസ്. 07.10.2023-ലെ LSGD/PD/10695/2023-VIGB5 നമ്പർ ഉത്തരവ് പ്രകാരം ഔപചാരിക അന്വേഷണ അധികാരിയായി നിയമിക്കുകയുണ്ടായി.

ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഈ ഓഫീസിൽ നിന്നും 28.10.2023-ലെ LSGD/JD/KTM/99/2023-A3 നമ്പർ കത്ത് പ്രകാരം 03.11.2023- വെള്ളിയാഴ്ച പകൽ 11 മണിക്ക് മാടപ്പള്ളി ഗ്രാമപഞ്ചായത്ത് ഓഫീസിൽ രേഖകൾ സഹിതം നേരിൽ ഹാജരാകുന്നതിന് ശ്രീ സുരേഷ് നാരായണനുള്ള കത്ത് മാടപ്പള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറി മുഖേന നൽകുന്നതിന് നടപടി സ്വീകരിച്ചിരുന്നു. ശ്രീ.സുരേഷ് നാരായണൻ വിദേശത്തായതിനാൽ ടിയാളുടെ വാസസ്ഥലമെന്ന് രേഖപ്പെടുത്തിയിരിക്കുന്ന വിലാസത്തിലെത്തി ടിയാന്റെ മാതാവ് ശ്രീമതി. ലളിത നാരായണന് കത്ത് നേരിട്ട് നൽകി കൈപ്പറ്റ് രസീത് ലഭ്യമാക്കിയിട്ടുണ്ട്.

അന്വേഷണ വിചാരണ വേളയിൽ കുറ്റാരോപിതൻ ഹാജരായില്ല മേൽസാഹചര്യത്തിൽ ലഭ്യമായ രേഖകളുടെയും മാടപ്പള്ളി ഗ്രമപഞ്ചായത്ത് സെക്രട്ടറി ശ്രീ.വിനോദ് കെ. സമർപ്പിച്ച സ്റ്റേറ്റ്മെന്റിന്റെയും അടിസ്ഥാനത്തിൽ ഈ കേസിന്റെ അന്വേഷണ റിപ്പോർട്ട് തയ്യാറാക്കുകയും അച്ചടക്കാധികാരിയായ തദ്ദശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് സമർപ്പിക്കുകയും ചെയ്യുന്നു.

**2-തയ്യാറാക്കിയ കുറ്റപത്രം**

കോട്ടയം ജില്ലയിലെ മാടപ്പള്ളി ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ലർക്ക് ആയിരുന്ന ശ്രീ. സുരേഷ് നാരായണനെതീരായുള്ള ആരോപണം.

1. താങ്കൾ കോട്ടയം ജില്ലയിലെ മാടപ്പള്ളി ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ലർക്ക് ആയി ജോലി നോക്കി വരവെ കെ.എസ്.ആർ. ഭാഗം 1 അനുബന്ധം 12(എ) യിലെ നിബന്ധനകൾക്ക് വിധേയമായി 18.03.2022 വരെ ശൂന്യവേതനാവധിയിൽ പ്രവേശിക്കുകയും അവധി കാലാവധി അവസാനിച്ചതിന് ശേഷവും 19.03.2022 മുതൽ ജോലിയിൽ പ്രവേശിക്കുവാൻ ആധികാരികമായ അപേക്ഷ സമർപ്പിക്കാതെ കൃത്യ നിർവ്വഹണത്തിൽനിന്നും വിട്ടു നിൽക്കുന്നു. താങ്കൾ ജോലിയിൽ പുനപ്രവേശിക്കാതിരിക്കുന്നത് സർക്കാർ സേവനം എന്നതിന് താങ്കൾ യാതൊരു വിലയും കൽപ്പിക്കുന്നില്ല എന്നതിന് തെളിവായി വിലയിരുത്തുന്നു.

**3-സമ്മതിച്ചതോ ഉപേക്ഷിച്ചതോ ആയ കുറ്റങ്ങൾ**

ശ്രീ. സുരേഷ് നാരായണൻ പ്രതിവാദ പത്രിക സമർപ്പിക്കുകയോ അന്വേഷണ വിചാരണ വേളയിൽ ഹാജരായി മൊഴി നൽകുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്യുകയുണ്ടായില്ല.

**4-അന്വേഷണത്തിൽ പരിശോധിച്ച കാര്യങ്ങൾ**

- 19.03.2022 മുതൽ അവധി ദീർഘിപ്പിച്ച് കിട്ടുന്നതിന് ശ്രീ.സുരേഷ് നാരായണൻ അപേക്ഷ സമർപ്പിച്ചിരുന്നോ?
- നിയമാനുസൃതം അവധി ലഭിച്ചതിനു ശേഷമാണോ 19.03.2022 മുതൽ ശ്രീ. സുരേഷ് നാരായണൻ അവധിയിൽ പ്രവേശിച്ചത്.

**5-തെളിവിനുള്ള വസ്തുതകൾ**

കോട്ടയം ജില്ലയിലെ മാടപ്പള്ളി ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ലർക്ക് ആയിരുന്ന ശ്രീ. സുരേഷ് നാരായണൻ ടി തസ്തികയിൽ ജോലി ചെയ്തുവരവേ 27.01.2007-ലെ ടിയാളുടെ അപേക്ഷ പ്രകാരം 17.03.2007-ലെ ജി.ഒ.(ആർ.റ്റി) നമ്പർ/2007തസ്വഭവ പ്രകാരം 19.03.2007 മുതൽശൂന്യവേതനാവധിയിൽപ്രവേശിക്കുകയും തുടർന്ന് ടിയാന്റെ അപേക്ഷ പ്രകാരം 19.03.2012-മുതൽ അഞ്ച് വർഷത്തേക്ക് 26.03.2012-ലെ-ലെ ജി.ഒ.(ആർ.റ്റി) നമ്പർ/12തസ്വഭവ പ്രകാരം ശൂന്യവേതനാവധി അനുവദിക്കുകയും ചെയതിരുന്നു. തുടർന്ന് ടിയാന്റെ 03.01.2017-ലെ അപേക്ഷ പ്രാകാരം ബഹു.പഞ്ചായത്ത് ഡയറക്ടറുടെ 23.02.2017-ലെ ഇ5-43908/2016 നമ്പർ ഉത്തരവ് പ്രകാരം 19.03.2017 മുതൽ അഞ്ചു വർഷത്തേക്ക് വീണ്ടും ശൂന്യവേതനാവധി ദീർഘിപ്പിച്ചിരുന്നു. ടി കാലയളവ് അവസാനിച്ച 18.03.2022-നു ശേഷം നിയമാനുസൃത അപേക്ഷ സമർപ്പിച്ച് അവധി ദീർഘിപ്പിച്ച് ഉത്തരവ് ലഭ്യമാക്കാതെ 19.03.2022 മുതൽ അനധികൃതമായി ജോലിക്ക് ഹാജരാകുന്നില്ല എന്ന കുറ്റം മുൻനിർത്തി ശ്രീ.സുരേഷ് നാരായണനെതിരേ ബഹു.പഞ്ചായത്ത് ഡയറക്ടർ07.11.2022-ൽ കുറ്റാരോപണ മെമ്മോ നൽകി അച്ചടക്ക് നടപടി ആരംഭിച്ചിരുന്നു.

**<u>6-തെളിവിൽ സ്വീകരിച്ച രേഖകൾ</u>**

Exbt P1.ബഹു.പഞ്ചായത്ത് ഡയറക്ടറുടെ 07.11.2022-ലെ PAN/11574/2022-D5(DP) നമ്പർ കുറ്റാരോപണ മെമ്മോ

Exbt P2.സർക്കാരിന്റെ 17.03.2007-ലെ ജി.ഒ.(ആർ.റ്റി) 817/2007/തസ്വഭവ ഉത്തരവ്

Exbt P3.സർക്കാരിന്റെ 26.03.2012-ലെ ജി.ഒ.(ആർ.റ്റി) നം.904/12/തസ്വഭവ ഉത്തരവ്.

Exbt P4.പഞ്ചായത്ത് ഡയറക്ടറുടെ 23.02.2017-ലെ ഇ5-43908/2016 നമ്പർഉത്തരവ്.

Exbt P5. മാടപ്പള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 03.11.2023-ലെ സ്റ്റേറ്റ്മെന്റ് എന്നിങ്ങനെയും അന്വേഷണ റിപ്പോർട്ടിൽ ചേർത്തിട്ടുണ്ട്.

**<u>7-രേഖകളുടെയും വസ്തുതകളുടെയും ചുരുക്ക പ്രസ്താവന</u>**

മേൽ പറഞ്ഞിരിക്കുന്ന രേഖകളും വസ്തുതകളും പ്രോസിക്യൂഷൻ ഭാഗത്ത് തെളിവിൽ സ്വീകരിച്ച രേഖകളായി Exbt P1, Exbt P2, Exbt P3, Exbt P4, Exbt P5 എന്നിങ്ങനെയും അന്വേഷണ റിപ്പോർട്ടിൽ ചേർത്തിട്ടുണ്ട്.

**<u>8-പ്രതിരോധം</u>**

കുറ്റാരോപിതനായ ശ്രീ. സുരേഷ് നാരായണൻ എതിർവാദം സമർപ്പിച്ചിട്ടില്ലാത്തതും അന്വേഷണ



Generated from eOffice by Sreekanthan M, VIGB5 - PDLSGD, VIGB5 PD LSGD, PD LSGD on 09/05/2024 04:09 PM

വിചാരണ വേളയിൽ ഹാജരായിട്ടില്ലാത്തതുമാണ്.

## 9.നിഗമനം

ഈ വാച്യാന്വേഷണ വിചാരണ വേളയിൽ ഹാജരാകാതിരുന്നതിനാൽ ശ്രീ. സുരേഷ് നാരായണൻ തനിക്കെതിരേയുള്ള അന്വേഷണ വിചാരണയിൽ നിന്നും വിട്ടുനിന്നതായി കരുതാവുന്നതാണ്. ലഭ്യമായ തെളിവുകളും ബന്ധപ്പെട്ട രേഖകളും സസൂക്ഷ്മം പരിശോധിക്കുകയും വിശകലനം ചെയ്യുകയും ചെയ്തതിൽ നിന്നും താഴെ പറയുന്ന വസ്തുതകൾ മനസിലാക്കുവാൻ സാധിക്കുന്നു.

കുറ്റാരോപണ പത്രികയിൽ ആരോപണ വിധേയനായ കോട്ടയം ജില്ലയിലെ മാടപ്പള്ളി ഗ്രാമപഞ്ചായത്തിൽ സീനിയർ ക്ലർക്ക് ആയിരുന്ന ശ്രീ. സുരേഷ് നാരായണനെതിരേ ഉന്നയിക്കപ്പെട്ടിട്ടുള്ള കുറ്റത്തിന്മേലുള്ള കണ്ടെത്തലുകൾ ലഭിച്ച തെളിവുകളുമായി ബന്ധപ്പെടുത്തി താഴെ വിവരിക്കുന്നു.

കോട്ടയം ജില്ലയിലെ മാടപ്പള്ളി ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ലർക്ക് ആയിരുന്ന ശ്രീ. സുരേഷ് നാരായണൻ ടി തസ്തികയിൽ ജോലി ചെയ്തുവരവേ ടിയാളുടെ അപേക്ഷയിന്മേൽ വിദേശത്ത് ജോലിക്കായി കെ.എസ്.ആർ. ഭാഗം1 അനുബന്ധം 12 എ-പ്രകാരം അനുവദിച്ച അവധിയുടെ കാലാവധി കഴിഞ്ഞ് നിയമാനുസൃത അപേക്ഷ സമർപ്പിച്ച് അവധി ദീർഘിപ്പിച്ച് ഉത്തരവ് ലഭ്യമാക്കാതെ 19.03.2022-മുതൽ ജോലിക്ക് ഹാജരാകുന്നില്ല.

**കണ്ടെത്തലുകൾ**

ഈ കുറ്റാരോപണവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ 19.03.2022-മുതൽ യാഥാവിധി അനുമതി വാങ്ങാതെ ശ്രീ.സുരേഷ് നാരായണൻ ജോലിയിൽ നിന്നും വിട്ടു നിന്നു എന്ന കുറ്റാരോപണ പത്രികയിലെ ആരോപണം ശരിയാണെന്ന് വെളിവായിട്ടുള്ളതാണ്.

ഈ സാഹചര്യത്തിൽ ശ്രീ.സുരേഷ് നാരായണനെതിരേ കുറ്റാരോപണ മെമ്മോയിൽ ഉന്നയിച്ചിട്ടുള്ള ആരോപിത കുറ്റങ്ങൾ തെളിഞ്ഞിരിക്കുന്നു എന്ന നിഗമനത്തിൽ ഞാൻ എത്തിച്ചേരുന്നു.

**സർട്ടിഫിക്കറ്റ്**

**1960**-ലെ കേരള സിവിൽ സർവ്വീസസ് (തരം തിരിക്കലും നിയന്ത്രണങ്ങളും അപ്പീലും) ചട്ടങ്ങളിലെ ചട്ടം **15** പ്രകാരമുള്ള ഔപചാരിക അന്വേഷണം നടത്തിയിട്ടുള്ളതാണെന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

BINU JOHN

JOINT DIRECTOR

തദ്ദേശസ്വയംഭരണ വകുപ്പ്,കോട്ടയം.

Signed by
Binu John
Date: 14-12-2023 12:14:42



Generated from eOffice by Sreekanth M, VIGB5 - PDLSGD, VIGB5 PD LSGD, PD LSGD on 09/05/2024 04:09 PM

I/200056/2024

I/200056/2024

ഭരണഭാഷ – മാതൃഭാഷ

പ്രിൻസിപ്പൽ ഡയറക്ടറേറ്റ്,
തദ്ദേശസ്വയംഭരണ വകുപ്പ്
സ്വരാജ് ഭവൻ, നന്തൻകോട്,
കവടിയാർ പി.ഒ തിരുവനന്തപുരം – **695003**
ഫോൺ : **0471-2727255, 2314526**
ഇ-മെയിൽ : **vig.pdlsgd@kerala.gov.in**
വെബ്സൈറ്റ്: **principaldirectorate.lsgkerala.gov.in**

**No.LSGD/PD/10695/2023-VIGB5** തീയതി: **08-02-2024**

## കാരണംകാണിക്കൽ നോട്ടീസ്

വിഷയം: തദ്ദേശസ്വയംഭരണ വകുപ്പ്- പ്രിൻസിപ്പൽ ഡയറക്ടറേറ്റ്- ഭരണജാഗ്രത- കോട്ടയം ജില്ല- മാടപ്പള്ളി ഗ്രാമപഞ്ചായത്ത്- സീനിയർ ക്ലാർക്ക് ശ്രീ. സുരേഷ് നാരായണൻ- അനധികൃത ഹാജരില്ലായ്മ- കാരണം കാണിക്കൽ നോട്ടീസ് നൽകുന്നത്- സംബന്ധിച്ച്.

സൂചന :

1. തദ്ദേശസ്വയംഭരണ (എച്ച്) വകുപ്പിന്റെ **17.03.2007** തീയതിയിലെ ജിഒ(ആർറ്റി) നം. **817/2007**/തസ്വഭവ ഉത്തരവ്
2. തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പിന്റെ **26.03.2012** തീയതിയിലെ ജിഒ(ആർറ്റി) നം. **904/12**/തസ്വഭവ ഉത്തരവ്
3. പഞ്ചായത്ത് ഡയറക്ടറുടെ **23.02.2017** തീയതിയിലെ ഇ5- **43908/2016** നമ്പർ ഉത്തരവ്.
4. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം സമർപ്പിച്ച **01.06.2022** തീയതിയിലെ ഡിഡിപി- കെ.റ്റി.എം-**789/2022**-എവിഎസ് നമ്പർ കത്ത്.
5. **07.11.2022** തീയതിയിലെ **PAN/11574/2022-D5(DP)** നമ്പർ കുറ്റാരോപണ മെമ്മോ.
6. തദ്ദേശസ്വയംഭരണ വകുപ്പ് കോട്ടയം ഡെപ്യൂട്ടി ഡയറക്ടറുടെ **25.01.2023**-ലെ **DDP-KTM/1551/2022-AVS** നമ്പർ കത്ത്.
7. തദ്ദേശസ്വയംഭരണ വകുപ്പ് കോട്ടയം ജോയിന്റ് ഡയറക്ടറുടെ **30.06.2023**-ലെ **LSGD/JD/KTM/99/2023-A5** നമ്പർ കത്ത്.
8. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ **07.10.2023**



Generated from eOffice by Sreekanthan M, VIGB5 - PDLSGD, VIGB5 PD LSGD, PD LSGD on 09/05/2024 04:09 PM

I/200056/2024

തീയതിയിലെ ഇതേ നമ്പർ ഉത്തരവ്.

9. തദ്ദേശസ്വയംഭരണ വകുപ്പ് കോട്ടയം ജോയിന്റ് ഡയറക്ടറുടെ **16.12.2023** തീയതിയിലെ **LSGD/JD/KTM/99/2023-A5** നമ്പർ കത്തും അതോടൊപ്പമുള്ള ഔപചാരിക അന്വേഷണ റിപ്പോർട്ടും.

10 ധനകാര്യ (റൂൾസ്-ബി) വകുപ്പിന്റെ **30.12.2020**-ലെ **83/2020**/ധന. നമ്പർ സർക്കുലർ.

കോട്ടയം ജില്ല മാടപ്പള്ളി ഗ്രാമപഞ്ചായത്തിൽ സീനിയർ ക്ലാർക്കായി സേവനമനുഷ്ഠിച്ചിരുന്ന താങ്കൾ ശ്രീ. സുരേഷ് നാരായണൻ എന്നവർക്ക് സൂചന **(1)** സർക്കാർ ഉത്തരവ് പ്രകാരം കെ.എസ്.ആർ ഭാഗം **1** അനുബന്ധം **XII A** പ്രകാരം നിബന്ധനകൾക്ക് വിധേയമായി ശൂന്യവേതനാവധി അനുവദിച്ചിരുന്നു. ആയതിൻ പ്രകാരം **19.03.2007** മുതൽ താങ്കൾ ശൂന്യവേതനാവധിയിൽ പ്രവേശിച്ചിട്ടുള്ളതും തുടർന്ന് സൂചന **(2)**, **(3)** ഉത്തരവുകൾ പ്രകാരം താങ്കളുടെ ശൂന്യവേതനാവധി ദീർഘിപ്പിച്ചിരുന്നതുമാണ്. താങ്കളുടെ ശൂന്യവേതനാവധിയുടെ കാലാവധി **18.03.2022** തീയതിയിൽ അവസാനിച്ചതായും നാളിതുവരെ സേവനത്തിൽ പ്രവേശിക്കുന്നതിന് നിയമാനുസൃത അപേക്ഷ സമർപ്പിച്ചിട്ടില്ല എന്നും സൂചന **(4)** പ്രകാരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം റിപ്പോർട്ട് ചെയ്തിരുന്നു.

താങ്കളുടെ ഭാഗത്ത് നിന്നുള്ള മേൽ ഗുരുതര വീഴ്ചയെതുടർന്ന് താങ്കൾക്കെതിരായി ക്രമക്കേട്, ചട്ടലംഘനം, കൃത്യവിലോപം എന്നീ കുറ്റങ്ങൾ മുൻനിർത്തി സൂചന **(5)** പ്രകാരം **1960** ലെ കേരള സിവിൽ സർവ്വീസ് (തരംതിരിവും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങൾ ചട്ടം **15** പ്രകാരം ചുവടെ പറയുന്ന കുറ്റങ്ങൾ ആരോപിച്ച് കുറ്റാരോപണ മെമ്മോ നൽകി അച്ചടക്ക നടപടി ആരംഭിക്കുകയുണ്ടായി.

*"1. താങ്കൾ മാടപ്പള്ളി ഗ്രാമപഞ്ചായത്തിലെ സീനീയർ ക്ലാർക്കായി സേവനമനുഷ്ഠിച്ച് വരവെ കെ.എസ്.ആർ ഭാഗം 1 അനുബന്ധം XII A യിലെ നിബന്ധനകൾക്ക് വിധേയമായി **18.03.2022** വരെ ശൂന്യവേതനാവധിയിൽ പ്രവേശിക്കുകയും അവധി കാലാവധി അവസാനിച്ചതിന് ശേഷവും **19.03.2022** മുതൽ ജോലിയിൽ പ്രവേശിക്കുവാൻ ആധികാരികമായ അപേക്ഷ സമർപ്പിക്കാതെ കൃത്യനിർവ്വഹണത്തിൽ നിന്നും വിട്ടു നിൽക്കുന്നു. താങ്കൾ ജോലിയിൽ പുനപ്രവേശിക്കാതിരിക്കുന്നത് സർക്കാർ സേവനം എന്നതിന് താങ്കൾ യാതൊരു വിലയും കൽപ്പിക്കുന്നില്ല എന്നതിന് തെളിവായി വിലയിരുത്തുന്നു."*

മേൽ കുറ്റാരോപണമെമ്മോ താങ്കൾക്ക് അയച്ച് നൽകിയെങ്കിലും ആയത് കൈപ്പറ്റാതെ തിരികെ ലഭ്യമായതായി മേൽ സൂചന **(6)** പ്രകാരം അറിയിച്ചിരുന്നു. ഈ കാര്യാലയത്തിൽ നിന്നുള്ള തുടർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ താങ്കളുടെ മേൽ വിലാസത്തിൽ നേരിട്ട് സന്ദർശിച്ച് പ്രസ്തുത കുറ്റാരോപണ മെമ്മോയും അതോടൊപ്പമുള്ള കുറ്റാരോപണ പത്രികയും **26.05.2023** തീയതിയിൽ വിദേശത്തായിരുന്ന താങ്കളുടെ അഭാവത്തിൽ താങ്കളുടെ മാതാവ് ശ്രീമതി ലളിതാ നാരായണൻ കൈപ്പറ്റി സൂചന**(7)** പ്രകാരം കൈപ്പറ്റ് പകർപ്പ് ലഭ്യമായിട്ടുണ്ട്.

വിഷയത്തിൽ താങ്കൾ എതിർവാദ പത്രിക സമർപ്പിച്ചിട്ടില്ല. അച്ചടക്കനടപടി വിഷയത്തിൽ കെ.സി.എസ് (സി.സി&എ) ചട്ടങ്ങൾ ചട്ടം **15** പ്രകാരം ഔപചാരിക അന്വേഷണം



Generated from eOffice by Sreekanthan M, VIGB5 - PDLSGD, VIGB5 PD LSGD, PD LSGD on 09/05/2024 04:09 PM

I/200056/2024

അനിവാര്യമാണെന്ന് കണ്ട് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ പരാമർശം (8) ഉത്തരവ് പ്രകാരം ഔപചാരിക അന്വേഷണം നടത്തുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പ് കോട്ടയം ജോയിന്റ് ഡയറക്ടറെ ചുമതലപ്പെടുത്തുകയും പരാമർശം (9) പ്രകാരം ഔപചാരിക അന്വേഷണ റിപ്പോർട്ട് ലഭ്യമായിട്ടുള്ളതുമാണ്.

03.11.2023-ന് ഔപചാരിക അന്വേഷണം നടക്കുന്ന വിവരം, താങ്കൾ വിദേശത്തായതിനാൽ 28.10.2023-ന് താങ്കളുടെ വാസസ്ഥലമെന്ന് രേഖപ്പെടുത്തിയിരുന്ന വിലാസത്തിലെത്തി താങ്കളുടെ മാതാവ് ശ്രീമതി ലളിത നാരായണ് നേരിട്ട് കത്ത് നൽകി അറിയിച്ചിരുന്നതാണ്. എന്നാൽ പ്രസ്തുത വിചാരണവേളയിൽ ഹാജരാകാതെ താങ്കൾ അന്വേഷണ വിചാരണയിൽ നിന്നും വിട്ടുനിൽക്കുകയാണുണ്ടായത്. അപ്രകാരം 19.03.2022 മുതൽ യഥാവിധി അനുമതി വാങ്ങാതെ താങ്കൾ ജോലിയിൽ നിന്നും വിട്ടുനിന്നതുവഴി കുറ്റാരോപണ മെമ്മോയിൽ ഉന്നയിച്ചിട്ടുള്ള ആരോപിത കുറ്റങ്ങൾ തെളിഞ്ഞിട്ടുണ്ട് എന്നറിയിച്ചാണ് ഔപചാരിക അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളത്.

മേൽ വസ്തുതകളിൽ നിന്നും അവധി കാലാവധി അവസാനിച്ചതിന് ശേഷവും 19.03.2022 മുതൽ ജോലിയിൽ പ്രവേശിക്കുവാൻ ആധികാരികമായ അപേക്ഷ സമർപ്പിക്കാതെ കൃത്യനിർവ്വഹണത്തിൽ നിന്നും വിട്ടുനിൽക്കുന്നത് താങ്കളുടെ ഭാഗത്ത് നിന്നുള്ള ഗുരുതര ചട്ടലംഘനവും കൃത്യവിലോപവും അച്ചടക്ക ലംഘനവുമാണ്. കൂടാതെ, കെ.എസ്.ആർ ഭാഗം ഒന്ന്, അനുബന്ധം XII-A, XII-C ചട്ടങ്ങൾ പ്രകാരം അഞ്ച് വർഷത്തിലധികം കാലയളവിലേക്ക് അവധി ദീർഘിപ്പിക്കുന്നതിനായി 05.11.2020 തീയതിക്ക് ശേഷം സമർപ്പിക്കപ്പെടുന്ന അപേക്ഷകൾ നിരസിക്കേണ്ടതെന്നും, ടി ചട്ടങ്ങൾ പ്രകാരം അവധി അനുവദിച്ച കാലയളവിന് ശേഷവും അവധി അപേക്ഷ സമർപ്പിക്കാതെയും നിലവിൽ അനധികൃതമായി അവധിയിൽ തുടരുന്ന എല്ലാ ജീവനക്കാരെയും കെ.എസ്.ആർ ഭാഗം 1, അനുബന്ധം XII-A, ചട്ടം9/ XII-C - ചട്ടം 10 പ്രകാരം അച്ചടക്ക നടപടി സ്വീകരിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള നടപടികൾ എല്ലാ വകുപ്പ് തലവൻമാരും സമയബന്ധിതമായി സ്വീകരിക്കേണ്ടതാണെന്നും മേൽ സൂചന (10) സർക്കുലർ പ്രകാരം സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ, മാടപ്പള്ളി ഗ്രാമപഞ്ചായത്ത് സീനിയർക്ലർക്ക് ആയ താങ്കൾ, ശ്രീ.സുരേഷ് നാരായണൻ എന്നവരെ കെ.എസ്.ആർ ഭാഗം-1 അനുബന്ധം 12 (എ) ചട്ടം 9, കെ.സി.എസ് (സിസി&എ) ചട്ടങ്ങൾ ചട്ടം 11(1)(vii) എന്നിവ പ്രകാരം സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിന് താത്ക്കാലികമായി തീരുമാനിച്ചിരിക്കുന്നു. പ്രസ്തുത താത്ക്കാലിക തീരുമാനം സ്ഥിരപ്പെടുത്താതിരിക്കാൻ തക്ക കാരണമെന്തെങ്കിലും ഉണ്ടെങ്കിൽ ആയത് ഈ നോട്ടീസ് കൈപ്പറ്റി 30 ദിവസത്തിനകം രേഖാമൂലം ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്. അല്ലാത്ത പക്ഷം ഇക്കാര്യത്തിൽ താങ്കൾക്ക് യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ ഇനിയൊരു അറിയിപ്പ് കൂടാതെ മേൽ താത്ക്കാലിക തീരുമാനം സ്ഥിരപ്പെടുത്തുന്നതാണ്.

**M.G. RAJAMANICKAM IAS**

**PRINCIPAL DIRECTOR**

ശ്രീ.സുരേഷ് നാരായണൻ



Generated from eOffice by Sreekanthan M, VIGB5 - PDLSGD, VIGB5 PD LSGD, PD LSGD on 09/05/2024 04:09 PM

I/200056/2024

സീനിയർ ക്ലാർക്ക് (നിലവിൽ അനധികൃത ഹാജരില്ലായ്മയിൽ തുടരുന്നു)
മാടപ്പള്ളി ഗ്രാമപഞ്ചായത്ത്, കോട്ടയം
(കോട്ടയം ജില്ലാ ജോയിന്റ് ഡയറക്ടർ മുഖേന)

പകർപ്പ്

1. ജില്ലാ ജോയിന്റ് ഡയറക്ടർ,കോട്ടയം (കാരണം കാണിക്കൽ നോട്ടീസിന്റെ പകർപ്പ് സ്വീകർത്താവിന് നൽകി കൈപ്പറ്റ് പകർപ്പ് തിരികെ അയക്കേണ്ടതാണ്).
2. സെക്രട്ടറി, മാടപ്പള്ളി ഗ്രാമപഞ്ചായത്ത്
3. കരുതൽ ഫയൽ / ഓഫീസ് കോപ്പി



Generated from eOffice by Sreekanthan M, VIGB5 - PDLSGD, VIGB5 PD LSGD, PD LSGD on 09/05/2024 04:09 PM